ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സഹായത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഉത്തരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കടുത്ത കടലാക്രമണം ഉള്ളിടത്തും കടൽഭിത്തി തകർന്ന സ്ഥലങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സാധിക്കും.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

19 (*379) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ ;

(ബി) തമിഴ്നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനായി തമിഴ്നാടിന്റെ താൽപ്പര്യത്തിന് വിഘാതമാകാതെ പഴയ അണക്കെട്ട് നിലനിർത്തിക്കൊണ്ടു പുതിയത് നിർമ്മിക്കാനുള്ള അനുമതി തേടുന്നതിനുവേണ്ട നിയമ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന താൽപര്യം സംരക്ഷിക്കാൻ കഴിവും താൽപ്പര്യവുമുള്ള ഉദ്യോഗസ്ഥരെയും വക്കീൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ഇ) പുതിയ അണക്കെട്ടിന് അനുമതി നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്നും അതിന് ഉന്നയിക്കുന്ന കാരണവും അറിയിക്കുമോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ ; വിശദവിവരം നൽകാമോ ; കേന്ദ്ര സർക്കാർ ഈ പ്രശ്നം ഏറ്റെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള സാദ്ധ്യതാ റിപ്പോർട്ടും വിശദമായ പദ്ധതി റിപ്പോർട്ടും (Feasibility Report and Detailed Project Report) തയ്യാറാക്കി എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിന് മുൻപ് വനം - പരിസ്ഥിതി വകുപ്പുകളുടെയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെയും അംഗീകാരം ലഭ്യമാക്കിയശേഷം ബഹു. സുപ്രീംകോടതിയുടെ അംഗീകാരംകൂടി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. പ്രാരംഭ നടപടി യെന്ന നിലയ്ക്ക് ഒരംഗീകൃത ഏജൻസിയെക്കൊണ്ടുതന്നെ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിനുള്ള നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കുന്നതിനും ഇതോടനുബന്ധിച്ചുള്ള ശുപരേഖയ്ക്ക് (TOR) അംഗീകാരം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ, TOR അംഗീകരിക്കു ന്നതിനായി കേരളം സമർപ്പിച്ച അപേക്ഷയിന്മേലുള്ള തീരുമാനം നീട്ടിവെയ്ക്കാനാണ് Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളത്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ആവശ്യമായ എല്ലാ അനുമതികളും അംഗീകാരവും താമസംവിനാ ലഭ്യമാക്കി, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനു ചിതമായ തുടർനടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരെ തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളുടെ (Prayers) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തമിഴ്നാടിന് ആവശ്യമായ ജലം ഉറപ്പാക്കിക്കൊണ്ടുതന്നെ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) ഉണ്ട്. മുല്ലപ്പെരിയാർ വിഷയം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് അന്തർസംസ്ഥാന ജലവിഭാഗവും, കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിനായി നൃഡൽഹിയിൽ കാവേരി സ്പെഷ്യൽ സെല്ലും പ്രവർത്തിച്ചുവരുന്നു. മുല്ലപ്പെരിയാർ വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധപുലർത്തി നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും ചീഫ് എഞ്ചിനീയർ ആയി വിരമിച്ച ശ്രീ. എം. കെ. പരമേശ്വരൻ നായരുടെ നേതൃത്വത്തിൽ മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും രൂപീകരിച്ചിട്ടുണ്ട്. പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കൈകാര്യം ചെയ്തുവരുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ മോണിറ്ററിംഗിനായി കട്ടപ്പന എം.ഐ. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. മുതിർന്ന അഭിഭാഷകരായ ശ്രീ. ഹരീഷ് എൻ. സാൽവേയുടെ നേതൃത്വത്തിലുള്ള അഭിഭാഷക സംഘം, മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്തുവരുന്നു. ശ്രീ. ഹരീഷ് എൻ.സാൽവേയോടൊപ്പം ഡോ. രാജീവ് ധവാൻ, ശ്രീ. മോഹൻ വി. കട്ടാർക്കി എന്നീ പ്രഗത്ഭരായ അഭിഭാഷകരും പ്രവർത്തിച്ചു വരുന്നു.

(ഇ) പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾക്ക് വിധേയമായി ആവശ്യമായ അനുമതി നൽകുന്നതിന് തടസ്സങ്ങൾ ഉള്ളതായി കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിനു മുന്നോടിയായുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള രൂപരേഖയ്ക്ക് (TOR) അംഗീകാരം നൽകുന്നതിനുള്ള കേരളത്തിന്റെ അപേക്ഷയിന്മേൽ തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിൽ ; ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ചശേഷം തീരുമാനമെടുക്കാമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ Expert Appraisal Committee ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി സ്വീകരിക്കണ മെന്നുള്ളതാണ് സർക്കാർ നിലപാട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly